പ്രകാരം നാലു ശതമാനം നികുതിയുണ്ട്. വളങ്ങളേപ്പോലെതന്നെ കീടനാശിനികളും രാസവസ്തുക്കളും കൃഷിക്ക് അത്യന്താപേക്ഷിതമായതുകൊണ്ട് അവയുടേയും നികുതി നിരക്ക് നാലു ശതമാനത്തിൽനിന്നും രണ്ടു ശതമാനമായി കുറയ്ക്കുന്നു.

കാർഷികാദായ നികുതി പരിഷ്കരണത്തിനു വിദഗ്ദ്ധ കമ്മീഷൻ :

69. ഒരുവർഷം നികുതിദായകനു കൃഷിയിൽനിന്നു ലഭിക്കുന്ന വരുമാനം കണക്കാക്കി അതിൽനിന്നു ഉൽപ്പാദനച്ചെലവു തട്ടിക്കിഴിച്ചു കിട്ടുന്ന സംഖ്യയിൻമേലാണു ഇപ്പോൾ കാർഷികാദായ നികുതി ചുമത്തുന്നത്. ഉൽപ്പാദനത്തിന്റെയും ചെലവിന്റെയും കണക്കുകൾ സൂക്ഷിക്കുകയും റിട്ടേണുകൾ സമർപ്പിക്കുകയും തെളിവു നൽകുകയും ചെയ്തു അവയുടെ നിജസ്ഥിതി അസസ്മെന്റു ഉദ്യോഗസ്ഥൻമാരെ ബോദ്ധ്യപ്പെടുത്തേണ്ട ശ്രമകരവും ഭാരമേറിയതുമായ ചുമതലയാണു ഈ സമ്പ്രദായം മൂലം നികുതിദായകരിൽ നിക്ഷിപ്തമായിരിക്കുന്നത്. അതിനാൽ ഇതിനു പകരം ഭൂമിയുടെ വിസ്തൃതി, ഉൽപ്പാദനക്ഷമത കൃഷിയിൽനിന്നുള്ള ആദായം തുടങ്ങിയവ മാനദണ്ഡമാക്കി തമിഴ്നാട്ടിൽ ഏർപ്പെടുത്തിയിട്ടുള്ളതും നിശ്ചിത നിരക്കിൽ വസൂലാക്കുന്നതുമായ നികുതി സമ്പ്രദായം സ്വീകാര്യമാണോ എന്നു പരിശോധിക്കാവുന്നതാണ്. യഥാർത്ഥ വരുമാനവും ചെലവും തിട്ടപ്പെടുത്തി നികുതി സംഖ്യ നിർണ്ണയിക്കുന്നതിനു ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്ന മാനദണ്ഡങ്ങളും വിലയിരുത്തലുകളും ചിലർക്കു ഗുണപ്രദവും മറ്റു ചിലർക്കു ദോഷകരവും ആയിത്തീരുന്നു എന്ന ആക്ഷേപം അവഗണിക്കാനാവില്ല. ചിലപ്പോൾ നികുതിയിൽനിന്നു രക്ഷപ്പെടാനും ഇതുമൂലം കഴിയുന്നു. അതിനാൽ സർക്കാരിനു ഇന്നുള്ളതിൽക്കൂടുതൽ വരുമാനം ഉറപ്പുവരുത്തിക്കൊണ്ടു വിസ്തൃതിയുടെയും ഉൽപ്പാദനക്ഷമതയുടെയും ആദായത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമിയെ തരംതിരിക്കുകയും കൃഷികളെ ക്ലാസിഫൈ ചെയ്യുകയും ചെയ്തുകൊണ്ടു ശാസ്ത്രീയ രീതിയിൽ നികുതി ചുമത്തുന്നതിന്റെ പ്രായോഗിക വശങ്ങളെ പറ്റി പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കുന്നതാണ്.

70. മേൽ പ്രസ്താവിച്ച വിധം, നികുതിയിളവുകളുടെ ഫലമായി വരുമാനത്തിൽ ഉണ്ടാകുന്ന കുറവു തട്ടിക്കിഴിച്ചതിനുശേഷവും സ്റ്റാമ്പ്, രജിസ്ട്രേഷൻ, ലോട്ടറി എന്നിവ ഉൾപ്പെടെയുള്ള എല്ലാ ധനകാര്യ നിർദ്ദേശങ്ങളിൽ നിന്നുമായി 1986-87-ൽ 32 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഞാൻ നേരത്തെ പ്രഖ്യാപിച്ച പുതിയ പരിപാടികൾക്കു വേണ്ടിവരുന്ന 4.10 കോടി രൂപ വകയിരുത്തിയതിനു ശേഷവും 27.90 കോടി രൂപയുടെ വരുമാനം ഉണ്ടാകുന്നതാണ്.

ധനകാര്യ മാനേജ്മെന്റ് :

പശ്ചാത്തലം :

71. 1985-86-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു പ്രസംഗിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളുടെ ഒരു രൂപരേഖ ഞാൻ വരച്ചുകാട്ടിയിരുന്നു. ആറാം പദ്ധതിക്കാലത്ത് പദ്ധതിയേതര ചെലവിൽ—പ്രധാനമായും ക്ഷാമബത്തയിനത്തിൽ ഏറെടുക്കേണ്ടിവന്ന ഭാരിച്ച അധികച്ചെലവ്, പദ്ധതി രംഗത്ത് നാം നടത്തിയ 200 കോടി രൂപയുടെ അധിക മുതൽമുടക്ക്, തൽഫലമായി പദ്ധതിയുടെ അവസാനമുണ്ടാകുന്ന 300 കോടി രൂപയോളം വരുന്ന കമ്മി, നമുക്ക് അനുകൂലമാകാതിരുന്ന എട്ടാം ധനകാര്യക്കമ്മീഷൻ ശുപാർശകൾ, അതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഏഴാം പദ്ധതിക്കാലത്തുണ്ടാകുന്ന ഭീമമായ നോൺപ്ലാൻ കമ്മി, ഓവർ ഡ്രാഫ്റ്റിനെതിരെ കേന്ദ്രം സ്വീകരിച്ച കർശനമായ നിലപാട് എന്നീ പ്രതികൂല സാഹചര്യങ്ങളുടെ പത്മവ്യൂഹത്തിലകപ്പെട്ടുനിന്ന സാമ്പത്തിക സ്ഥിതിയുടെ ചിത്രമാണ് ഞാൻ ഈ സഭ മുൻപാകെ അവതരിപ്പിച്ചത്.

72. നമ്മേക്കാൾ സമ്പന്നരായ സംസ്ഥാനങ്ങളെപ്പോലും നിർവീര്യരാക്കാൻപോന്ന അത്തരമൊരു ചുറ്റുപാടിലും, ആത്മവിശ്വാസം കൈവിടാതെ വികസനപ്രവർത്തനങ്ങളുടെ വേഗത അൽപ്പവും കുറയ്ക്കാതെ മുന്നോട്ടുപോകുമെന്ന വാഗ്ദാനവും നാം നൽകിയിരുന്നു. ആ വാഗ്ദാനം പൂർണ്ണമായിത്തന്നെ നിറവേറ്റുവാൻ ഗവൺമെൻറിനു കഴിഞ്ഞു എന്ന് ബഹുമാന്യരായ സഭാംഗങ്ങളെ അറിയിക്കുവാൻ എനിക്ക് സീമാതീതമായ അഭിമാനമുണ്ട്. അതോടൊപ്പം ആ വാഗ്ദാന സാഫല്യത്തിനു പിന്നിലുള്ള തീവ്രമായ യത്നത്തിന്റെ ഒരു ലഘു വിവരണം സഭയ്ക്കു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1984-85-ലെ പുരോഗതി, കണക്കുകൾ :

73. 1984-85 അവസാനം 297 കോടി രൂപ കമ്മിയുണ്ടാകുമെന്ന് കേന്ദ്രത്തിലെയും നമ്മുടെയും ഉദ്യോഗസ്ഥൻമാർ കണക്കാക്കിയിരുന്നെങ്കിലും 92 കോടി രൂപയുടെ കുറവ് കമ്മിയിൽ വരുത്തുവാൻ കഴിഞ്ഞുവെന്ന് നേരത്തെ വ്യക്തമാക്കിയല്ലോ. വികസനച്ചെലവോ മറ്റേതെങ്കിലും പ്രധാനപ്പെട്ട ബാദ്ധ്യതകളോ ഒഴിവാക്കിയല്ല ഇതു ചെയ്തത്. ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി എന്നതു ശരിയാണ്. പക്ഷേ, പ്രധാന ചെലവിനങ്ങളെയെല്ലാം ആ നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കിയിരുന്നു. 1984-85-ലെ വാർഷിക പദ്ധതിച്ചെലവും പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 56 കോടി രൂപ അധികമായിരുന്നു. അങ്ങനെ വാർഷിക പദ്ധതിയിലോ അതുപോലെ സുപ്രധാന ചെലവിനങ്ങളിലോ യാതൊരു കുറവും വരുത്താതെയാണ് കഴിഞ്ഞവർഷത്തെ കമ്മിയിൽ 92 കോടി രൂപയുടെ കുറവു വരുത്തിയത്.

1985-86-ലെ ബാദ്ധ്യതകൾ, പ്രശ്നങ്ങൾ :

74. ഏഴാം പദ്ധതിയുടെ ആദ്യവർഷമായ 1985-86-ലെ പദ്ധതി പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച സമയത്ത് ആറാം പദ്ധതി കമ്മിയെപ്പറ്റി ഒരു ധാരണയുണ്ടായി. കമ്മിയിലെ ഓവർ ഡ്രാഫ്റ്റ് സംഖ്യയായ 175 കോടി രൂപയുടെ 10 ശതമാനം വരുന്ന 17½ കോടി രൂപ നാം 1985-86-ൽ റിസർവ് ബാങ്കിന് തിരിച്ചടയ്ക്കണമെന്നും ; ബാക്കിതുക ഏഴാം പദ്ധതിക്കാലത്തുതന്നെ വാർഷിക തവണകളായി അടച്ചുതീർത്താൽ മതി എന്നുമായിരുന്നു ആ ധാരണ. നമ്മേപ്പോലെ 1984-85-ൽ കമ്മിയുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളോടും ഈ സമീപനം തന്നെയാണ് പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചത്. അങ്ങനെ ഈ വർഷത്തെ പദ്ധതി നിർവഹണം തുടങ്ങിയപ്പോൾ 372.5 കോടി രൂപ കണ്ടെത്തുക എന്ന ഉത്തരവാദിത്വം നാം ഏറ്റെടുത്തു—അതായത് കേന്ദ്ര സഹായവും കടം എടുപ്പുംപ്പെടെയുള്ള നമ്മുടെ വിഭവ രൂപീകരണവും ചേർത്ത് 355 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയും റിസർവ് ബാങ്കിന് 17½ കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം. എന്നാൽ പദ്ധതി അംഗീകരിച്ചതിനു ശേഷം കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രധാനപ്പെട്ട ഒരു മാറ്റം വരുത്തി. ആറാം പദ്ധതിയുടെ അവസാനമുള്ള ഓവർ ഡ്രാഫ്റ്റ് ഏഴാം പദ്ധതിക്കാലത്ത് തവണകളായി അടച്ചുതീർത്താൽമതി എന്നതിനു

LIBRARY ARCHIVES Kerala Legislative Assembly